**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2176** **12-12-2022 - ൽ മറുപടിയ്ക്ക്**

**കെ-ഡിസ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കെ-ഡിസ്കിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ആരാണെന്നും അദ്ദേഹത്തിന് ഈ പദവിയിൽ അനുവദിച്ചിട്ടുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | കെ- ഡിസ്കിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ (ഇ.വി.സി) ആയി ശ്രീ. കെ.എം എബ്രഹാം (റിട്ട ഐ.എ.എസ്) സേവനമനുഷ്ഠിച്ചുവരുന്നു. അദ്ദേഹത്തിന് കെ-ഡിസ്കിൽ നിന്നും ശമ്പളമോ, അലവൻസുകളോ നൽകുന്നില്ല. |
| (ബി) | ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി 2022 സെപ്റ്റംബർ മാസത്തിൽ അദ്ദേഹം കൈപ്പറ്റിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; അദ്ദേഹത്തിന് ഔദ്യോഗിക കാർ, ഔദ്യോഗിക വസതി തുടങ്ങിയവ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന് കെ-ഡിസ്കിൽ നിന്നും ഔദ്യോഗിക വാഹനം നൽകിയിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ പ്രസ്തുത വാഹനത്തിന് ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഇന്ധന ചെലവും ഡ്രൈവറുടെ വേതനവും കെ-ഡിസ്ക് നൽകുന്നുണ്ട്. അദ്ദേഹത്തിന് കെ-ഡിസ്കിൽ നിന്നും ഔദ്യോഗിക വസതി അനുവദിച്ച് നൽകിയിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേല്പറഞ്ഞ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട ചെലവുകൾക്കായി കെ-ഡിസ്ക് ആകെ ചെലവാക്കിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30.11.2022 വരെ കെ-ഡിസ്കിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ വാഹനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി കെ-ഡിസ്ക് ചുവടെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.<br><br>1. ഇന്ധനം - (പി.ഒ.എൽ) - ₹ 139875/- (ഒരു ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി എണ്ണൂറ്റിയെഴുപത്തഞ്ചു രൂപ മാത്രം)<br><br>2. റിപ്പയറും മെയ്ന്റനൻസും - ₹ 75492/- (എഴുപത്തയ്യായിരത്തി നാനൂറ്റിതൊണ്ണൂറ്റിരണ്ടു രൂപ മാത്രം)<br><br>3. ഡ്രൈവറുടെ വേതനം - ₹ 369585/- (മൂന്നു ലക്ഷത്തി അറുപത്തൊമ്പതിനായിരത്തി അഞ്ഞൂറ്റിയെൺപത്തഞ്ചു രൂപ മാത്രം)<br><br>ആകെ - ₹ 584952/- (അഞ്ചു ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി |

| | | | |
|---|---|---|---|
| | | | അമ്പത്തിരണ്ട് രൂപ മാത്രം) |

സെക്ഷൻ ഓഫീസർ